# പ്രഥമ മുസ്‌ലിം ഹൈസ്കൂൾ

മാപ്പിളനാട്ടിന്റെ ഹൃദയസ്ഥാനമായി വിരാജിക്കുന്ന കൊണ്ടോട്ടിയിൽ ഒരു മാപ്പിള ഹൈസ്കൂൾ സ്ഥാപിക്കണമെന്നായിരുന്നു മലബാറിലെ ഇംഗ്ലീഷുദ്യോഗസ്ഥന്മാർ ആഗ്രഹിച്ചിരുന്നത്. കൊണ്ടോട്ടിയിലെ പൗരനേതാക്കളുടെ അനാസ്ഥ കാരണം സർക്കാർ പിന്നീട് മുസ്‌ലിം ഹൈസ്കൂൾ സ്ഥാപനത്തിനായി തെരഞ്ഞെടുത്ത പ്രദേശം മലപ്പുറമാണ്. 1921–22–ലെ ഖിലാഫത്ത് ലഹളാനന്തരം മുസ്‌ലിം ഹൈസ്കൂൾ സ്ഥാപനത്തിന് പഴയ മലബാർ ജില്ലയിലെ സുപ്രധാന മുസ്‌ലിം പൗരനേതാക്കൾ കൂട്ടായി ശ്രമിച്ചു. 1935–ൽ തലശ്ശേരിയിൽ വെച്ചാണ് മുസ്‌ലിം ഹൈസ്കൂൾ കമ്മിറ്റി സ്ഥാപിതമായത്. ആ സംഘടന 167 1935–ൽ 'മുസ്‌ലിം ഹൈസ്കൂൾ കമ്മിററി– മുസ്‌ലിമീങ്ങളോട് ഒരഭ്യർഥന' എന്ന ശീർഷകത്തിൽ ഒരു ലഘുലേഖ പ്രസിദ്ധപ്പെടുത്തി. കേരള മുസ്‌ലിം വിദ്യാഭ്യാസ ചരിത്രത്തിന്റെ ആധാരശില എന്നു വിശേഷിപ്പിക്കാവുന്ന പ്രസ്തുത ലഘുലേഖയുടെ പ്രസക്തഭാഗങ്ങൾ താഴെ ഉദ്ധരിക്കുന്നു:

"...മദ്രാസ് സംസ്ഥാനത്തെ മുസ്‌ലിം ജനസംഖ്യയിൽ മൂന്നിലൊരു ഭാഗവും ജില്ലയിലെ ഒട്ടാകെ ജനസംഖ്യയിൽ എത്രയും ഉയർന്ന ഒരു ഭാഗവും വഹിക്കുന്ന വമ്പിച്ച മാപ്പിളസമുദായം വിദ്യാഭ്യാസ കാര്യത്തിൽ ഇത്ര പിറകിൽ തള്ളപ്പെട്ടുപോയതുകൊണ്ട് സമുദായത്തിനു ന്യായമായി ലഭിക്കേണ്ട പൗരാവകാശങ്ങൾ പലതും നഷ്ടപ്പെട്ടുപോയിരിക്കുന്നു. ഉദ്യോഗങ്ങൾ ഗവൺമെന്റ് സർവീസിലായാലും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലായാലും അവർക്ക് പ്രായേണ ഇല്ലതന്നെ എന്നു പറയേണ്ടിവന്നിരിക്കുന്നു. കൃഷി, കച്ചവടം ആദിയായ തൊഴിലുകളിൽ അവർക്ക് ക്ഷയമല്ലാതെ അഭിവൃദ്ധിയില്ല. വ്യവസായങ്ങൾ പരിഷ്കൃതരീതിയിൽ ഏർപ്പെടുത്തി നടത്തുവാനുള്ള പഠിപ്പും സ്വാധീന ശക്തിയും ഇല്ലായ്ക നിമിത്തം ആ കാര്യവും വളരെ പരുങ്ങലിലാണ്. ഇതുകൊണ്ടെല്ലാം മാപ്പിളമാരുടെ വിദ്യാവിഹീനത അവരുടെ പൗരാവകാശങ്ങളെ മാത്രമല്ല, സാമുദായിക ജീവിതത്തിന് ഒഴിച്ചുകൂടാത്ത ധനാഭിവൃദ്ധിയെ കൂടി നഷ്ടമാക്കിയിട്ടുണ്ടെന്നു കാണാം.

മാപ്പിള വിദ്യാഭിവൃദ്ധിക്ക് ഗവൺമെന്റ് ചെയ്ത പരിശ്രമങ്ങളുടെ ഫലമായി വിദ്യാഭ്യാസപരമായ ഒരു ഉണർവ് വിശേഷിച്ച് എലിമെണ്ടറി വിദ്യാഭ്യാസകാര്യത്തിൽ സമുദായത്തിൽ ഉണ്ടായിട്ടുണ്ടെന്ന് നാം ഓർക്കേണ്ടതും ഗവൺമെന്റിനോട് ആ കാര്യത്തിൽ നാം നന്ദിയുള്ളവരായിരിക്കേണ്ടതുമാണ്. എന്നാൽ സെക്കന്ററി വിദ്യാഭ്യാസ കാര്യത്തിലും കോളേജ് വിദ്യാഭ്യാസകാര്യത്തിലും ഇപ്പോഴും സമുദായം ഗാഢമായ ഉറക്കത്തിൽ കിടക്കുകയാണ്. മലബാർ ജില്ല ഒട്ടുക്ക് നോക്കിയാൽ ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്നവരുടെ എണ്ണം കൈവിരിലുകളിൽ എണ്ണുവാനേ കാണുകയുള്ളൂ. തങ്ങളുടെ മതത്തെയും സംസ്കാരത്തെയും എത്രയും വിലമതിക്കുന്ന മാപ്പിളമാർക്ക് അവയെ സംബന്ധിച്ച സാമാന്യ ജ്ഞാനമെങ്കിലും നൽകുന്ന പഠനരീതിയും വിദ്യാലയങ്ങളും മാത്രമേ ആകർഷണീയവും ഹൃദ്യവുമായിരിക്കുകയുള്ളൂ. മഹാനായ സർ സയ്യിദ് അഹ്മദ് ഖാൻ സുപ്രസിദ്ധമായ അലീഗഢ് മുസ്‌ലിം സർവകലാശാലയുടെ അടിസ്ഥാനമായ മുഹമ്മദൻ ആംഗ്ലോ ഓറിയന്റൽ കോളേജ് (എം.എ.ഒ കോളേജ്) സ്ഥാപിച്ചത് ഈ ബോധത്തോടുകൂടിയായിരുന്നു. മതവും സംസ്കാരവും ഉണ്ടായാൽ വിദ്യാർഥികൾ മതഭ്രാന്തന്മാരും സങ്കുചിതബുദ്ധികളുമായിത്തീരുമെന്ന് പറയുന്നവർക്ക് എം.എ.ഒ കോളേജിന്റെ ചരിത്രമാണ് ഒന്നാംതരം സമാധാനം. ഇന്ത്യൻ മുസൽമാന്മാരെ അവരുടെ മരണസമാനമായ നിദ്രയിൽനിന്ന് തട്ടിയുണർത്തിയ ആ മഹാസ്ഥാപനത്തിലെ പൂർവവിദ്യാർഥികളായിരുന്നു ഇന്ത്യയുടെ പൊതുവായ അഭിവൃദ്ധിക്കും നന്മക്കും വേണ്ടിയുള്ള നാനാവിധ പരിശ്രമങ്ങളിൽ ഇതര സമുദായാംഗങ്ങളോടൊപ്പം ഉദ്യോഗസ്ഥവൃത്തങ്ങളിൽനിന്നും, അനുദ്യോഗസ്ഥവൃത്തങ്ങളിൽനിന്നും പരിശ്രമിച്ചിട്ടുള്ളതും പരിശ്രമിച്ചുകൊണ്ടിരിക്കുന്നതും. യഥാർഥമായ മതവും സംസ്കാരവും, സ്വാർഥത്യാഗത്തെയും വിശാലബുദ്ധിയെയും മാത്രമേ വളർത്തുകയുള്ളൂ. ഗവൺമെന്റും ഈ പരമാർഥം മനസ്സിലാക്കിയിട്ടുതന്നെയാണ് മദ്രാസിലെ മുഹമ്മദൻ കോളേജ് പോലെയുള്ള പ്രത്യേക വിദ്യാലയങ്ങൾ മുസ്‌ലിമീങ്ങൾക്ക് സ്ഥാപിച്ചുകൊടുക്കുകയും മതവിദ്യാഭ്യാസത്തിന് പൊതുഫണ്ട് വിനിയോഗിക്കാമെന്ന് തീർച്ചപ്പെടുത്തുകയും ചെയ്തത്. എന്നാൽ സംസ്ഥാനത്തിലെ മുസ്‌ലിം ജനസംഖ്യയിൽ മൂന്നിലൊരു ഭാഗമുള്ള മാപ്പിളമാർക്ക് ഒരു ഹൈസ്കൂൾ പോലും ഇതുവരെ സ്ഥാപിക്കപ്പെടാത്തത് വളരെ പരിതാപകരമാണെന്നും, അതുകൊണ്ട് മലബാറിലെ ഏറ്റവും ഉത്തമമായ ഒരു കേന്ദ്രത്തിൽ ഒരു മുസ്‌ലിം ഹൈസ്കൂൾ

ഗവൺമെന്റിൽനിന്ന് സ്ഥാപിച്ചുതരേണമെന്നും അതുകൊണ്ടേ മാപ്പിളമാരുടെ ഉയർന്ന വിദ്യാഭ്യാസത്തിലുള്ള അലസത അൽപമെങ്കിലും നീങ്ങുകയുള്ളൂവെന്നും നമ്മുടെ സാമുദായിക സംഘങ്ങളും പൊതുകാര്യ പ്രവർത്തകന്മാരും വിശേഷിച്ച് ഗവൺമെന്റിൽനിന്ന് കുറച്ചു മുമ്പ് മുസ്‌ലിം വിദ്യാഭ്യാസ കാര്യങ്ങളെ സംബന്ധിച്ച അന്വേഷണങ്ങൾ ചെയ്‌വാൻ നിയോഗിച്ചിരുന്ന മുസ്‌ലിം വിദ്യാഭ്യാസ കമ്മിറ്റിയും ഗവൺമെന്റിനെ ഉദ്ബോധിപ്പിക്കുകയുണ്ടായി. ഇതിന്റെയെല്ലാം ഫലമായി മുസ്‌ലിം വിദ്യാഭ്യാസകമ്മിറ്റിയുടെ ശിപാർശകളെ സംബന്ധിച്ച് ഗവൺമെന്റ് പുറപ്പെടുവിച്ച കൽപനയിൽ മലബാറിൽ ഒരു മുസ്‌ലിം ഹൈസ്കൂൾ സ്ഥാപിച്ചുകൊടുക്കുന്നതാണെന്ന് പ്രസ്താവിച്ചിരുന്നു. പ്രസ്തുത വിദ്യാലയ സ്ഥാപനം സംബന്ധമായി വേണ്ട നിർദേശങ്ങൾ അയക്കാൻ വിദ്യാഭ്യാസ ഡയറക്ടർ അവർകൾ മലബാർ ഡിസ്ട്രിക്ട് എജുക്കേഷനൽ ആഫീസർ അവർകളോട് ആവശ്യപ്പെട്ടപ്പോൾ മാപ്പിളമാരുടെ വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ച് അദ്വിതീയമായ അറിവും അനുഭവവുമുള്ള ഇപ്പോഴത്തെ ആഫീസർ മുസ്‌ലിം ഹൈസ്കൂൾ വിദ്യാർഥികൾക്ക് താമസിക്കാനുള്ള ഏർപ്പാടുകളോടുകൂടി ആയിരുന്നാൽ മാത്രമേ വിജയകരമായിത്തീരുകയുള്ളൂവെന്ന് അഭിപ്രായപ്പെടുകയുണ്ടായി. ഈ കാര്യത്തെപ്പറ്റി മാപ്പിള സമുദായത്തിന്റെ അഭിപ്രായഗതി അറിയണമെന്നു കരുതി എജുക്കേഷനൽ ആഫീസർ, കഴിഞ്ഞ ജൂൺ 1-ന് അദ്ദേഹത്തിന്റെ ആഫീസിൽ വെച്ച് മാപ്പിള പ്രധാനികളുടെ ഒരു യോഗം വിളിച്ചുകൂട്ടി. ഖാൻ ബഹദൂർ മഹ്മൂദ് ശംനാട് എം. എൽ.സി അവർകളായിരുന്നു യോഗത്തിൽ അധ്യക്ഷത വഹിച്ചത്. മുസ്‌ലിം ഹൈസ്കൂൾ സ്ഥാപിക്കാൻ നിശ്ചയിച്ചതിൽ ഗവൺമെന്റിനെ അഭിനന്ദിച്ചും, ഹൈസ്കൂൾവിദ്യാർഥികൾക്ക് താമസിക്കാനും മതപഠനത്തിനും സൗകര്യമുള്ള റഡിഡൻഷ്യൽ സ്കൂൾ ആയിരിക്കണമെന്നും, ഫീസ്സിളവുണ്ടായിരിക്കേണമെന്നും അപേക്ഷിച്ചുകൊണ്ടുള്ള പ്രമേയങ്ങൾ പാസ്സാക്കിയതിനുശേഷം ഏറ്റവും പ്രധാനമായ ഒരു നിശ്ചയം ചെയ്കയുണ്ടായി. 'ഗവൺമെന്റിൽനിന്ന് സ്ഥാപിക്കുന്ന ഹൈസ്കൂൾ കുട്ടികളുടെ താമസത്തിനുള്ള ഹോസ്റ്റലോടുകൂടി ആകുന്ന പക്ഷം 100 സാധുവിദ്യാർഥികൾക്ക് താമസത്തിനുവേണ്ടിവരുന്ന ചെലവുകൾ ചെയ്‌വാൻ മുസ്‌ലിം ഹൈസ്കൂൾ കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണെ'ന്നായിരുന്നു ആ നിശ്ചയം. തൽസമയംതന്നെ പ്രസ്തുത ഹൈസ്കൂൾ കമ്മിറ്റി സ്ഥാപിക്കപ്പെടുകയും, അതിന്റെ ഒരു പ്രവർത്തകക്കമ്മിറ്റി രൂപവൽക്കരിക്കപ്പെടുകയും ചെയ്തു. കമ്മറ്റിയുടെ ഭാവിവിജയത്തിന്റെ ഒരു ശുഭലക്ഷണമെന്നോണം, യോഗത്തിൽ സദയം സന്നദ്ധനായിരുന്ന ബഹുമാനപ്പെട്ട കണ്ണൂർ രാജാവ് സുൽത്താൻ അബ്ദുർറഹ്മാൻ അലിരാജാ അവർകൾ 1000 ക. കമ്മിറ്റി ഫണ്ടിലേക്ക് നൽകാമെന്നു സന്തോഷപൂർവം വാഗ്ദാനം ചെയ്തുവെന്നുള്ളത് ഏറ്റവും സന്തോഷത്തോടെ പ്രസ്താവിച്ചുകൊള്ളുന്നു.

ജൂൺ 1-ന് സ്ഥാപിക്കപ്പെട്ട പ്രവർത്തക കമ്മിറ്റിയുടെ പ്രഥമയോഗം ജൂൺ 30-ന് 4 മണിക്ക് ഡിസ്ട്രിക്ട് എജുക്കേഷനൽ ഓഫീസറുടെ ആഫീസിൽ വെച്ച് പ്രസിഡന്റ് ബഹുമാനപ്പെട്ട കണ്ണൂർ രാജാ അവർകളുടെ അധ്യക്ഷതയിൽ കൂടി കമ്മിറ്റി സ്വരൂപിക്കാൻ നിശ്ചയിച്ചിട്ടുള്ള ഫണ്ടിൽ 50,000 ക . തൽക്കാലം ടിക്കറ്റ് വിൽപന മൂലം ഉണ്ടാക്കേണമെന്നും അതിലേക്ക് 1 ക. 5 ക. 10 ക. വിലയ്ക്കുള്ള ടിക്കറ്റുകളാണ് വേണ്ടതെന്നും ടിക്കറ്റുകൾ വിൽപന നടത്തുവാൻ മലബാറിന്റെ നാനാഭാഗങ്ങളിലും ചെറു കമ്മിറ്റികൾ സ്ഥാപിക്കണമെന്നും മറ്റുമാണ് അന്നത്തെ യോഗത്തിൽ നിശ്ചയിക്കപ്പെട്ടത്.

ഇതനുസരിച്ച് മലബാറിന്റെ പലേ ഭാഗങ്ങളിലും കമ്മിറ്റികൾ സ്ഥാപിച്ചു തുടങ്ങിയിരിക്കുന്നു. മലബാറിൽ മുസ്‌ലിമീങ്ങളുടെ വിദ്യാഭിവൃദ്ധിക്ക് ഒഴിച്ചുകൂടാനാവാത്ത ഒരു മഹനീയ സ്ഥാപനത്തിനുവേണ്ടിയാണ് കമ്മിറ്റി സമുദായത്തിന്റെ സഹായമഭ്യർഥിക്കുന്നത്. ഒരു ലക്ഷം ഉറുപ്പിക മുസ്‌ലിംസമുദായം വിചാരിക്കുന്ന പക്ഷം എളുപ്പത്തിൽ ഉണ്ടാക്കുവാൻ സാധിക്കും. റബ്ബിന്റെ മാർഗത്തിൽ സർവവും ബലികഴിക്കുവാൻ അറിയുന്ന മാപ്പിളമാർ ഈ വലുതായ കാര്യത്തിനുവേണ്ടി അവരുടെ ധനത്തിന്റെ ഒരു തുഛമായ ഭാഗം ഞങ്ങൾക്കു തരുന്ന പക്ഷം ഞങ്ങളുടെ ഉദ്ദേശ്യം എത്രയും ക്ഷണത്തിൽ സാധിക്കും. നാം ഈ കാര്യത്തിൽ കാണിക്കുന്ന ഉത്സാഹവും ഉന്മേഷവും അടുത്ത സ്കൂൾ വർഷാരംഭത്തിൽ തന്നെ വിദ്യാലയം ആരംഭിക്കുവാൻ ഒരു വലിയ പ്രേരണയായിരിക്കും. അതുകൊണ്ട് മുസ്‌ലിംപ്രമാണികൾ വലിയ സംഭാവനകൾ നൽകിയും മറ്റുള്ളവർ യഥാശക്തി ടിക്കറ്റുകൾ വാങ്ങിയും കമ്മിറ്റി ഏറ്റെടുത്തിട്ടുള്ള ഈ ഗൗരവമേറിയ കർത്തവ്യത്തെ വിജയകരമാക്കിത്തീർക്കുവാൻ കേരളത്തിലെ എല്ലാ മുസ്‌ലിമീങ്ങളോടും ഞങ്ങൾ അപേക്ഷിച്ചുകൊള്ളുന്നു.'

സുൽത്താൻ അബ്ദുർറഹ്മാൻ അലിരാജാ പ്രസിഡന്റും കെ.എം സീതിസാഹിബ് സെക്രട്ടറിയുമായിരുന്ന കമ്മിറ്റിയിൽ മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ്, അബ്ദുസ്സത്താർ സേഠ്, ബി. പോക്കർ സാഹിബ്, സി.ഒ.ടി കുഞ്ഞിപ്പക്കി സാഹിബ് തുടങ്ങിയവർ അംഗങ്ങളായിരുന്നു. മലബാറിലെ പ്രഥമ മുസ്‌ലിം ഹൈസ്കൂളിന്റെ രൂപീകരണത്തിൽ ഈ കമ്മിറ്റി മുഖ്യ പങ്കുവഹിക്കുകയുണ്ടായി. ഈ സ്ഥാപനത്തിന്റെ രൂപീകരണത്തിലും പുരോഗതിയിലും മർഹൂം സി.ഒ.ടി കുഞ്ഞിപ്പക്കി സാഹിബ് അനുഷ്ഠിച്ച ത്യാഗ പരിശ്രമങ്ങൾ എന്നെന്നും അനുസ്മരിക്കപ്പെടും.